സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 203 2024 ഡിസംബർ 02 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ടോൾ പ്ലാസയിൽ സംഘർഷം; നാലുപേർക്ക് പരുക്ക്

കാസർകോട്–മംഗളൂരു അതിർത്തിയായ തലപ്പാടിയിലെ ടോൾ പ്ലാസയിൽ യാത്രക്കാരും ജീവനക്കാരും തമ്മിൽ സംഘർഷം. ഇന്നലെ രാത്രി 10:30–നാണ് സംഭവമുണ്ടായത്. സംഘർഷത്തിൽ നാലുപേർക്ക് പരിക്കേറ്റു.

ഉള്ളാൾ സ്വദേശികളായ മൂന്നുപേർ സഞ്ചരിച്ച കാർ ടോൾ നൽകാതെ പോകാൻ ശ്രമിച്ചതാണ് സംഘർഷത്തിന് കാരണമായത്. ബാരിക്കേഡ് ഇടിച്ചുതെറിപ്പിച്ച് മുന്നോട്ട് പോയ കാർ ഉദ്യോഗസ്ഥർ തടയുകയായിരുന്നു. തുടർന്ന് കാർ യാത്രക്കാരും ജീവനക്കാരും തമ്മിൽ വാക്കുതർക്കമുണ്ടാകുകയും സംഘർഷത്തിൽ കലാശിക്കുകയും ചെയ്തു. വാഹനത്തിൽ ഫാസ്റ്റ് ടാഗ് ഉണ്ടെന്ന് പറഞ്ഞാണ് യാത്രക്കാർ ടോൾ പ്ലാസാ ജീവനക്കാരുമായി തർക്കിച്ചത്. ജീവനക്കാരുടെ പരാതിയിൽ കാർ യാത്രക്കാർക്കെതിരെ ഉള്ളാൾ പോലീസ് കേസെടുത്തു.

തമിഴ്നാട്ടിൽ ഉരുൾപൊട്ടൽ; 3 വീടുകൾ മണ്ണിനടിയിൽ; 7 പേരെ കാണാതായി

ചെന്നൈ: തമിഴ്നാട് തിരുവണ്ണാമലൈയിൽ ഉരുൾപൊട്ടൽ. അണ്ണാമലയാർ മലയുടെ അടിവാരത്തിലുള്ള നിരവധി വീടുകൾക്ക് നാശനഷ്ടം സംഭവിച്ചതായാണ് റിപ്പോർട്ട്.

പാറക്കഷ്ണങ്ങളും മണ്ണും വീടുകൾക്ക് മുകളിലേക്ക് വീഴുകയായിരുന്നു. 3 വീടുകൾ പൂർണ്ണമായി മണ്ണിന് അടിയിലായി. കുട്ടികൾ അടക്കം 7 പേരെ കാണാതായതായെന്ന് നാട്ടുകാർ പറയുന്നു. കനത്ത മഴയ്ക്ക് പിന്നാലെ വൈകീട്ടാണ് ഉരുൾപ്പൊട്ടലുണ്ടായത്. ജില്ലാ കളക്ടറും പൊലീസ് മേധാവിയും സംഭവസ്ഥലം സന്ദർശിച്ചു. രാത്രിയായതിനാൽ രക്ഷാപ്രവർത്തനം നിർത്തിവെച്ചു. തിണ്ടിവനത്തിൽ നിന്നുള്ള എൻഡിആർഎഫ് സംഘം രക്ഷാപ്രവർത്തനത്തിനായി തിരുവണ്ണാമലൈയിലെത്തിയിട്ടുണ്ട്.

ജില്ലയിൽ റെക്കോർഡ് മഴയാണ് പെയ്തത്. കടലൂർ, വിഴുപ്പുറം, കള്ളക്കുറിച്ചി എന്നിവിടങ്ങളിൽ പലയിടത്തും വെള്ളക്കെട്ട് രൂക്ഷമായി തുടരുകയാണ്. വിഴുപ്പുറത്ത് പെട്രോളിൽ വെള്ളം കലർന്നെന്ന പരാതിയെ തുടർന്ന് അടച്ചിട്ട പമ്പുകളിൽ ഇന്ന് പരിശോധന നടത്തും. പുതുച്ചേരിയിൽ വൈദ്യുതി ബന്ധം പലയിടത്തും പുനസ്ഥാപിക്കാനായിട്ടില്ല. സൈന്യം രക്ഷാദൌത്യം ഇന്നും തുടരും. ഫിൻജാൽ ചുഴലിക്കാറ്റിൽ 9 മരണം ആണ് ഇതുവരെ റിപ്പോർട്ട് ചെയ്തത്.

ഫെയ്ഞ്ചൽ ചുഴലിക്കാറ്റിനെത്തുടർന്ന് കർണാടകയിലും തമിഴ്നാട്ടിലും പുതുച്ചേരിയിലും വ്യാപകമഴ തുടരുകയാണ്. വിഴുപുരത്തിന് സമീപം റെയിൽവേ ട്രാക്കിൽ വെള്ളം കയറിയതിനെത്തുടർന്ന് 10 ട്രെയിനുകൾ റദ്ദാക്കി. എഗ്മോർ– ഗുരുവായൂർ എക്സ്പ്രസ്, ചെന്നൈ– നാഗർകോവിൽ വന്ദേഭാരത് അടക്കമുള്ള ട്രെയിനുകളാണ് റദ്ദാക്കിയത്. 10 ട്രെയിനുകൾ വഴിതിരിച്ചുവിട്ടു.

തമിഴ്നാട്ടിലെ ഒൻപതു ജില്ലകളിലാണ് മഴ ശക്തമായി തുടരുന്നത്. ഇവിടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

സന്നിധാനത്തും മഴ ശക്തം

കോട്ടയം: ശബരിമലയിൽ ശനിയാഴ്ച വൈകുന്നേരം തുടങ്ങിയ മഴ ഇപ്പോഴും തുടരുന്നു. സ്ഥിതി – പുല്ലുമേട് വഴി കാനന പാതയിലൂടെയുള്ള കാൽനട തീർത്ഥാടനം വിലക്കി. ഭക്തർക്ക് പമ്പയിൽ എത്താൻ കെഎസ്ആർടിസി ബസ് ക്രമീകരിച്ചു. പമ്പയിലും മറ്റ് കുളക്കടവുകളിലും ഇറങ്ങുന്നതിനും നിരോധനം.

വീണ്ടും സമരത്തിൽ

തൃശൂർ:കേരള കലാമണ്ഡലം താൽക്കാലിക അധ്യാപകർ വീണ്ടും സമരത്തിൽ. പിരിച്ചുവിടൽ റദ്ദാക്കിയ ഉത്തരവ് ഇറക്കിയില്ലെന്ന് അധ്യാപകർ. ക്ലാസ്സിൽ കയറാതെ പ്രതിഷേധവുമായി 60 അധ്യാപകർ.

5 ജില്ലകളിൽ അതിതീവ്ര മഴക്ക് സാദ്ധ്യത; മലവെള്ളപ്പാച്ചിലും മിന്നൽ പ്രളയങ്ങളും ഉണ്ടായേക്കാം

തിരു : സംസ്ഥാനത്ത് ഇന്ന് അതിതീവ്ര മഴയ്ക്ക് സാദ്ധ്യത. അഞ്ച് ജില്ലകളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചു. കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലാണ് റെഡ് അലർട്ട്. കാസർകോട് ഒഴികെയുള്ള നാല് ജില്ലകളിൽ നേരത്തെ തന്നെ റെഡ് അലർട്ട് പ്രഖ്യാപിച്ചിരുന്നു. കാസർകോട് ഓറഞ്ച് അലർട്ട് ആയിരുന്നു. എന്നാൽ അതിതീവ്ര മഴ പെയ്തതോടെ മുന്നറിയിപ്പിൽ മാറ്റം വരുത്തുകയായിരുന്നു.

ഒറ്റപ്പെട്ടയിടങ്ങളിൽ അതിതീവ്രമായ മഴയ്ക്കുള്ള സാദ്ധ്യതയാണ് പ്രവചിച്ചിരിക്കുന്നത്. 24 മണിക്കൂറിൽ 204.4 മില്ലിമീറ്ററിൽ കൂടുതൽ മഴ ലഭിക്കുമെന്നാണ് അതിതീവ്രമായ മഴ എന്നത് കൊണ്ട് കാലാവസ്ഥാ വകുപ്പ് അർത്ഥമാക്കുന്നത്. കുറഞ്ഞ സമയം കൊണ്ട് വലിയ മഴയുണ്ടാകുന്ന രീതിയാണ് പ്രതീക്ഷിക്കുന്നത്. അത് മലവെള്ളപ്പാച്ചിലും മിന്നൽ പ്രളയങ്ങളും സൃഷ്ടിച്ചേക്കാം. നഗര പ്രദേശങ്ങളിലും പൊതുവെ താഴ്ന്ന പ്രദേശങ്ങളിലും വെള്ളക്കെട്ട് രൂപപ്പെടാനും സാധ്യതയുണ്ട്. മഴ തുടരുന്ന സാഹചര്യം മണ്ണിടിച്ചിലും ഉരുൾപൊട്ടലും സൃഷ്ടിച്ചേക്കാം. പൊതുജനങ്ങളും സർക്കാർ സംവിധാനങ്ങളും അതീവ ജാഗ്രത പാലിക്കണം.

എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട് ജില്ലകളിൽ ഓറഞ്ചും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിൽ യെല്ലോ അലർട്ടും പ്രഖ്യാപിച്ചു. അടുത്ത 3 മണിക്കൂറിൽ തൃശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ ഇടത്തരം മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാദ്ധ്യതയുണ്ട്. കൂടാതെ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, വയനാട് ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ നേരിയ മഴയ്ക്കും സാദ്ധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

എല്ലാ ജില്ലകളിലും 24മണിക്കൂർ പ്രവർത്തിക്കുന്ന താലൂക്ക്, ജില്ലാ കണ്ട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. അപകട സാധ്യത മുന്നിൽ കാണുന്ന ഘട്ടത്തിലും സഹായങ്ങൾക്കുമായി 1077, 1070 എന്നീ ടോൾ ഫ്രീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

കരുവന്നൂർ കേസ്: സി.പി.എം. നേതാവ് പി.ആർ. അരവിന്ദാക്ഷന് ജാമ്യം

കൊച്ചി: കരുവന്നൂർ കള്ളപ്പണ ഇടപാട് കേസിൽ സിപിഎം നേതാവ് പി.ആർ.അരവിന്ദാക്ഷന് ഹൈക്കോടതി ജാമ്യം അനുവദിച്ചു. ജാമ്യം നൽകാതിരിക്കാൻ നിലവിൽ കാരണങ്ങൾ ഇല്ലെന്ന് ചൂണ്ടിക്കാണിച്ചാണ് ഉത്തരവ്. കേസിൽ, ബാങ്കിലെ മുൻ അക്കൗണ്ടന്റ് സി.കെ.ജിൽസിനും കോടതി ജാമ്യം അനുവദിച്ചു.

ഡൽഹി മുൻ മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിടക്കം ജാമ്യം നൽകിയ സുപ്രീംകോടതി ഉത്തരവുകൾ കൂടി പരിഗണിച്ചാണ് ജസ്റ്റിസ് സി.എസ്.ഡയസിന്റെ നടപടി. കർശന ഉപാധികളോടെയാണ് കരുവന്നൂർ കള്ളപ്പണ ഇടപാട് കേസിൽ സിപിഎം നേതാവ് പി.ആർ.അരവിന്ദാക്ഷനും സി.കെ.ജിൽസിനും കോടതി ജാമ്യം അനുവദിച്ചത്. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് എതിർത്തെങ്കിലും നിലവിൽ ജാമ്യം നിഷേധിക്കാൻ കാരണങ്ങളില്ലെന്ന് കോടതി ചൂണ്ടിക്കാട്ടി. കേസിലെ മൂന്നാം പ്രതിയാണ് അരവിന്ദാക്ഷൻ.

2023 സെപ്റ്റംബർ 26നാണ് കരുവന്നൂർ കേസിൽ അരവിന്ദാക്ഷൻ അറസ്റ്റിലാകുന്നത്. എല്ലാ തട്ടിപ്പുകളും അരവിന്ദാക്ഷന്റെ അറിവോടെയാണ് നടന്നതെന്നായിരുന്നു ഇ.ഡിയുടെ കണ്ടെത്തൽ. അരവിന്ദാക്ഷന് കരുവന്നൂർ ബാങ്കിൽ 50 ലക്ഷത്തിന്റെ സ്ഥിരനിക്ഷേപം ഉണ്ടെന്നും ഇത് ബിനാമി വായ്പകൾ വഴി ലഭിച്ച പണം ആണെന്നുമായിരുന്നു ഇ.ഡി വാദം.

അരവിന്ദാക്ഷനും കേസിലെ മുഖ്യപ്രതി സതീഷ് കുമാറും തമ്മിൽ നടത്തിയ സംഭാഷണങ്ങളുടെ ശബ്ദരേഖയും കള്ളപ്പണ ഇടപാടിന്റെ തെളിവായി ഇ.ഡി. കോടതിയിൽ സമർപ്പിച്ചിരുന്നു. ബാങ്ക് മുൻ അക്കൗണ്ടന്റ് ജിൽസ് ലക്ഷക്കണക്കിന് രൂപയുടെ ഭൂമി വിൽപ്പന നടത്തിയിരുന്നു എന്നും ഇ.ഡി പറയുന്നു. ജാമ്യം തേടി ഇരുവരും കൊച്ചിയിലെ പി.എം.എൽ.എ കോടതിയെ സമീപിച്ചിരുന്നെങ്കിലും തള്ളുകയായിരുന്നു. ഇതിനിടെ മകളുടെ വിവാഹത്തിൽ പങ്കെടുക്കുന്നതിന് ഈ വർഷം ജൂണിൽ അരവിന്ദാക്ഷന് ഹൈക്കോടതി 10 ദിവസത്തെ ഇടക്കാല ജാമ്യം അനുവദിച്ചിരുന്നു.

സുധാകരൻ– കെ.സി കൂടിക്കാഴ്ച വ്യക്തിപരം: സതീശൻ

കൊച്ചി: സി.പി.എം. നേതാവ് ജി. സുധാകരനുമായി എ.ഐ.സി.സി. ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ നടത്തിയ കൂടിക്കാഴ്ച വ്യക്തിപരമായ സന്ദർശനമെന്ന് ആവർത്തിച്ച് പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ. വ്യക്തിപരമായ സന്ദർശനമാണെന്ന് രണ്ടുപേരും പറഞ്ഞു. കെ.സി. വേണുഗോപാലിനും ജി. സുധാകരനും തമ്മിൽ വ്യക്തിപരമായ അടുപ്പമുണ്ട്. അതിനപ്പുറത്തേക്കൊന്നും അതിൽ പോകേണ്ടെന്നും വി.ഡി. സതീശൻ വ്യക്തമാക്കി.

'മന്ത്രിമാരിൽ ഞാൻ വിമർശിക്കാത്ത ഒരാളായിരുന്നു അദ്ദേഹം. മന്ത്രിയായിരുന്നപ്പോൾ നീതിപൂർവ്വമായിട്ടാണ് പെരുമാറിയത്. ഒരുകാലത്തും അദ്ദേഹത്തെ പോലെ നീതിപൂർവ്വമായി പൊതുമരാമത്ത് മന്ത്രിമാർ പെരുമാറിയിട്ടില്ല. അദ്ദേഹത്തോട് ഞങ്ങൾക്ക് എല്ലാവർക്കും പ്രത്യേക ആദരവും സ്നേഹവും ബഹുമാനവുമുണ്ട്. അതുകൊണ്ട് അദ്ദേഹത്തിന്റെ അസ്തിത്വത്തേയോ പാർട്ടിയോടുള്ള കൂറിനേയോ ചോദ്യംചെയ്യില്ല', സതീശൻ പറഞ്ഞു.

സി.പി.എമ്മിൽ നടക്കുന്ന കാര്യങ്ങൾ ഗൗരവമായി നിരീക്ഷിക്കുകയാണ്. സി.പി.എമ്മിനെ ജീർണത ബാധിച്ചിരിക്കുകയാണെന്ന് നേരത്തേ പറഞ്ഞു. സി.പി.എം. തകർച്ചയിലേക്കാണ് പോകുന്നത്. ഇപ്പോൾ നടക്കുന്നത് ആഭ്യന്തരമായ കാര്യമാണ്. താൻ അതിനേക്കുറിച്ച് പ്രതികരിക്കുന്നതിൽ അനൗചിത്യമുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

'കേരള കോൺഗ്രസ് ജോസ് കെ. മാണി വിഭാഗം യു.ഡി. എഫിലേക്ക് വരാൻ ചർച്ച നടത്തിയെന്ന വാർത്ത തെറ്റാണ്. ഒരുതരത്തിലുള്ള ചർച്ചയും കേരള കോൺഗ്രസ് മാണി വിഭാഗവുമായി നടത്തിയിട്ടില്ല. ചർച്ച നടത്തിയാൽ ഞാൻ അറിയണ്ടേ? അവരിപ്പോൾ എൽ.ഡി.എഫിൽ നിൽക്കുന്ന പാർട്ടിയാണ്. എന്തിനാണ് അവരുടെ വിശ്വാസ്യതയെ ഞങ്ങൾ ചോദ്യംചെയ്യുന്നത്? ഞങ്ങളല്ല ആ വാർത്തയുടെ പുറകിൽ. അപ്പുറത്ത് നിൽക്കുന്നവരുടെ വിശ്വാസ്യത തകർക്കുന്ന പ്രചാരണം ഞങ്ങൾ നടത്തില്ല', മാധ്യമപ്രവർത്തകരുടെ ചോദ്യത്തിനുത്തരമായി സതീശൻ പറഞ്ഞു.

ജനങ്ങൾക്ക് വീണ്ടും ഇരുട്ടടി, സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചേക്കും, സമ്മർ താരിഫും പരിഗണനയിലെന്ന് മന്ത്രി

പാലക്കാട്: സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നത് അനിവാര്യമാണെന്നും പ്രത്യേക താരിഫ് ഏർപ്പെടുത്തുന്നത് പരിഗണനയിലാണെന്നും വൈദ്യുതി മന്ത്രി കെ കൃഷ്ണൻകുട്ടി. വേനൽക്കാലത്ത് പുറമെ നിന്ന് വൈദ്യുതി വാങ്ങുന്നത് പ്രതിസന്ധിയിലാണ്. ഇത് മറികടക്കുന്നതിന് വേണ്ടിയാണ് സമ്മർ താരിഫ് പരിഗണിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

'ആഭ്യന്തര ഉത്പാദനം കുറഞ്ഞത് തിരിച്ചടിയായിരിക്കുകയാണ്. അതുകൊണ്ട് വൈദ്യുതി നിരക്ക് വർദ്ധനവ് അനിവാര്യമാണ്. നിരക്ക് വർദ്ധനയുമായി ബന്ധപ്പെട്ട് റെഗുലേറ്ററി കമ്മിഷൻ തെളിവെടുപ്പ് പൂർത്തിയാക്കി റിപ്പോർട്ട് കെഎസ്ഇബിക്ക് നൽകിയാൽ ആലോചിച്ച് തീരുമാനമെടുക്കും. സർക്കാരുമായും ഉപഭോക്താക്കളുമായും ചർച്ച ചെയ്ത് നയപരമായ തീരുമാനമെടുക്കും. ഉപഭോക്താക്കൾക്ക് പോറലേൽക്കാതെയായിരിക്കും നിരക്ക് വർദ്ധനവ് ഉണ്ടാകുക. സമ്മർ താരിഫ് കൊണ്ടുവരുന്നതും ആലോചനയിലുണ്ട്'– മന്ത്രി പറഞ്ഞു.

അതേസമയം, പുതിയ വൈദ്യുതി താരിഫ് സംസ്ഥാന റെഗുലേറ്ററി കമ്മിഷൻ ഇന്ന് പ്രഖ്യാപിച്ചേക്കും. യൂണിറ്റിന് ശരാശരി 34 പൈസയെങ്കിലും കൂട്ടണണെന്നാണ് കെഎസ്ഇബി ആവശ്യപ്പെട്ടത്. മാസത്തിൽ 1950 കോടിയുടെ വരവും 1750കോടി ചെലവുമുണ്ടെന്നാണ് കെഎസ്ഇബിയുടെ കണക്ക്. പുറമേനിന്ന് വൈദ്യുതി വാങ്ങാൻ മാത്രം 900 കോടിവേണം. വായ്പാ തിരിച്ചടവിന് 300കോടിയും കണ്ടെത്തണം. പ്രതിവർഷം രണ്ടായിരം കോടിയിലേറെ രൂപയുടെ നഷ്ടം നേരിടുമെന്നാണ് ബോർഡ് പറയുന്നത്.

എന്നാൽ, ഈ വർഷം 1370.09 കോടിയുടേയും അടുത്ത വർഷം 1108.03 കോടിയുടേയും 2026–27ൽ 1065.95 കോടിയുടേയും നഷ്ടമുണ്ടാകുമെന്നാണ് റെഗുലേറ്ററി കമ്മിഷന്റെ കണക്കുകൂട്ടൽ. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും താരിഫ് പരിഷ്ക്കരണം. കെഎസ്ഇബി പറയുന്നതുപോലെ നിരക്ക് കൂട്ടിയാൽ ഈ വർഷം 812.16 കോടിയും അടുത്ത വർഷം 1399.93 കോടിയും 2026–27ൽ 1522.92 കോടിയും കൂടുതൽ വരുമാനമുണ്ടാകും. വേനൽക്കാല താരിഫ് കൂടി അംഗീകരിച്ചാൽ ഈ വർഷം 111.08 കോടിയും അടുത്ത വർഷം 233 കോടിയും 2026–27ൽ 349 കോടിയും അധിക വരുമാനം കിട്ടും.

'ഒറ്റുകാരാ സന്ദീപേ പട്ടാപ്പകലിൽ പാലക്കാട്ട് നിന്നെ ഞങ്ങൾ എടുത്തോളാം', കൊലവിളി മുദ്രാവാക്യവുമായി യുവമോർച്ച

കണ്ണൂർ: കോൺഗ്രസിൽ ചേർന്ന മുൻ ബി ജെ പി നേതാവ് സന്ദീപ് വാര്യർക്കെതിരെ കൊലവിളി മുദ്രാവാക്യവുമായി യുവമോർച്ച. ജയകൃഷ്ണൻ മാസ്റ്റർ ബലിദാന ദിനത്തോടനുബന്ധിച്ച് കണ്ണൂർ അഴീക്കോട് നടന്ന യുവമോർച്ച പ്രകടനത്തിനിടെയാണ് സന്ദീപിനെതിരെ കൊലവിളി മുദ്രാവാക്യമുയർത്തിയത്.

യുവമോർച്ച പ്രവർത്തകർ സന്ദീപ് വാര്യരെ, 'മുപ്പത് വെള്ളി കാശ് വാങ്ങി പ്രസ്ഥാനത്തെ ഒറ്റുകൊടുത്ത മൂരാച്ചി' എന്ന് വിളിച്ചു. കൂടാതെ പ്രസ്ഥാനത്തെ അപമാനിക്കാൻ ബലിദാനികളെ കൂട്ടുപിടിച്ചെന്നും പറയുന്നു. 'ഒറ്റുകാരാ സന്ദീപേ പട്ടാപ്പകലിൽ പാലക്കാട്ട് നിന്നെ ഞങ്ങൾ എടുത്തോളാം' എന്നാണ് ഭീഷണി മുഴക്കിയത്. ഇതിന്റെ വീഡിയോ സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നുണ്ട്. കഴിഞ്ഞ മാസമാണ് സന്ദീപ് വാര്യർ ബി ജെ പി വിട്ട് കോൺഗ്രസിൽ ചേർന്നത്.

ബിജെപിയിലെ അസംതൃപ്തരെ കോൺഗ്രസിൽ എത്തിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോവുകയാണ് അദ്ദേഹമിപ്പോൾ. ഇക്കാര്യം വ്യക്തമാക്കിക്കൊണ്ട് ദിവസങ്ങൾക്ക് മുമ്പ് അദ്ദേഹം ഫേസ്ബുക്ക് കുറിപ്പിട്ടിരുന്നു. ബി ജെ പി വിട്ട് കോൺഗ്രസിലെത്തുന്ന ഒരാളും രാഷ്ട്രീയമായി അനാഥമാവില്ല എന്ന ഉറപ്പും അദ്ദേഹം നൽകിയിരുന്നു. 'വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും പ്രത്യയശാസ്ത്രത്തെ പൂർണ്ണമായും തള്ളിപ്പറഞ്ഞ് മതനിരപേക്ഷതയുടെ ഭാഗമാവാൻ, കോൺഗ്രസ് പ്രസ്ഥാനത്തിന്റെ പ്രത്യയശാസ്ത്രത്തോട് ഐക്യപ്പെടുവാൻ സന്നദ്ധതയുള്ള ഒരാളും രാഷ്ട്രീയമായി അനാഥമാവില്ല. ഇതുറപ്പാണ്'. എന്നായിരുന്നു സന്ദീപ് വാര്യർ കുറിച്ചത്. ഇത് ബി ജെ പിക്കാരിൽ അനിഷ്ടമുണ്ടാക്കിയിരുന്നു.

മരക്കൊമ്പ് വീണ് ഡ്രൈവർക്ക് പരിക്ക്

കുന്നംകുളം: വടക്കാഞ്ചേരി റോഡിൽ മരത്തിന്റെ കൊമ്പ് ഓട്ടോയ്ക്ക് മുകളിലേക്ക് ഒടിഞ്ഞുവീണു. അപകടത്തിൽ ഓട്ടോ ഡ്രൈവർക്ക് പരിക്ക്.

ജി. സുധാകരന്റെ പകുതി മനസ് ബി ജെ പി ക്കാരന്റേത്: ബി. ഗോപാലകൃഷ്ണൻ

തൃശൂർ: ബി ജെ പി ആലപ്പുഴ ജില്ലാ പ്രസിഡണ്ടും താനും ചേർന്ന് ജി സുധാകരനെ വീട്ടിൽ പോയികണ്ടിരുന്നുവെന്ന് ബി ജെ പി സംസ്ഥാന ഉപാദ്ധ്യക്ഷൻ ബി ഗോപാലകൃഷ്ണൻ പ്രസ്താവിച്ചു. ജി സുധാകരൻ കാണിച്ച സ്നേഹവും ബഹുമാനവും എടുത്തുപറയേണ്ടതാണ്. ജി. സുധാകരന്റെ പകുതി മനസ് ബി ജെ പി ക്കൊപ്പമാണ്.

ഒരുകോടിയും 300 പവനും ഒളിപ്പിച്ചത് കട്ടിലിനുള്ളിലെ അറയിൽ; നിർണായകമായത് സി സി ടി വി ദൃശ്യങ്ങളിലെ ഷർട്ട്

കണ്ണൂർ: വളപട്ടണം മന്നയിലെ അരി മൊത്തവ്യാപാരിയുടെ വീട്ടിൽനിന്ന് മോഷ്ടിച്ച ഒരുകോടി രൂപയും 300 പവനും പ്രതി ലിജീഷ് ഒളിപ്പിച്ചത് കട്ടിലിനുള്ളിലുണ്ടാക്കിയ പ്രത്യേക അറയിൽ. പിടിയിലായ ലിജീഷ് മുമ്പ് ഒട്ടേറെ മോഷണക്കേസുകളിൽ പ്രതിയാണെന്നും പോലീസ് അന്വേഷണത്തിൽ വ്യക്തമായി. കസ്റ്റഡിയിൽ എടുത്ത് ചോദ്യംചെയ്യുമ്പോൾ പ്രതിയുടെ വിരലടയാളം പരിശോധിച്ചിരുന്നു. ഇതിൽനിന്ന് കണ്ണൂർ കീച്ചേരിൽ ഒന്നരവർഷം മുമ്പ് മോഷണം നടന്ന വീട്ടിൽനിന്ന് ലഭിച്ച വിരലടയാളവുമായി സാമ്യമുണ്ടെന്ന് വ്യക്തമായി.

മോഷണം നടന്ന കെ.പി. അഷ്ഫിന്റെ വീടിന്റെ തൊട്ടടുത്തുള്ള വീട്ടിലാണ് ലിജീഷ് താമസിക്കുന്നത്. ഒരുമതിലിന് ഇരുപുറവുമാണ് രണ്ടുവീടുകളും. അഷ്ഫിന്റെ വീട് ലിജീഷ് നിരന്തരം നിരീക്ഷിച്ചുവരികയായിരുന്നു. നവംബർ 19–ന് അഷ്ഫും കുടുംബവും വീട് പൂട്ടി മധുരയിലേക്ക് പോയെന്ന് മനസിലാക്കിയ പ്രതി മോഷണം നടത്തുകയായിരുന്നു. ഒരുകോടി രൂപയും 300 പവനുമായിരുന്നു വീട്ടിലുണ്ടായിരുന്നത്. ഇതിന്റെ പകുതി ആദ്യത്തെ ദിവസം മോഷ്ടിച്ചു. പിന്നീട് 21–ാം തീയതി വീണ്ടും വീട്ടിൽ കയറി ശേഷിക്കുന്ന സ്വർണ്ണവും പണവും കവർന്നു.

സി.സി.ടി.വി. ദൃശ്യം കേന്ദ്രീകരിച്ചായിരുന്നു പോലീസിന്റെ അന്വേഷണം. ലഭിച്ച ദൃശ്യങ്ങളിൽ വ്യക്തതയുണ്ടായിരുന്നില്ല. ധരിച്ച ഷർട്ടിന്റെ നിറത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിലാണ് പ്രതി വലയിലാവുന്നത്.

മോഷണം നടന്ന ദിവസം പോലീസ് അയൽവാസിയായ ലിജീഷിന്റെ വീട്ടിൽ പോയിരുന്നു. സംശയാസ്പദമായി എന്തെങ്കിലും കണ്ടിരുന്നോയെന്ന് പോലീസ് ലിജീഷിനോട് അന്വേഷിച്ചിരുന്നു. ഇല്ലെന്നായിരുന്നു ഇയാളുടെ മറുപടി. അതേസമയം, ലിജീഷിന്റെ തലയിലും ശരീരത്തിലും ചിലന്തിവലകളുണ്ടായിരുന്നു. മോഷണം നടന്ന സ്ഥലത്തും ഈ ചിലന്തിവലകളുണ്ടായിരുന്നു. ശരീരത്തിലെ ചിലന്തിവലകൾ ശ്രദ്ധിച്ച പോലീസ് എന്തുപറ്റിയതാണെന്ന് അന്വേഷിച്ചപ്പോൾ കൃത്യമായ മറുപടി നൽകാൻ ലിജീഷിനായില്ല.

ഞായറാഴ്ച രാവിലെയാണ് പ്രതിയെ കസ്റ്റഡിയിൽ എടുത്തത്. ആറുമണിക്ക് കസ്റ്റഡിയിലെടുത്ത പ്രതിയെ വൈകിട്ട് ആറുവരെ ചോദ്യംചെയ്തു. ഈ സമയത്തൊന്നും കുറ്റം സമ്മതിക്കാൻ ഇയാൾ തയ്യാറായില്ല. ഇതിന് ശേഷമാണ് മോഷണം നടത്തിയത് താനാണെന്ന് സമ്മതിക്കുന്നത്.

പിന്നാലെ പ്രതിയെ വീട്ടിലെത്തിച്ച് തൊണ്ടിമുതൽ വീണ്ടെടുത്തു. കട്ടിലിനുള്ളിൽ പ്രത്യേക അറയുണ്ടാക്കി പണവും സ്വർണ്ണവും ഒളിപ്പിച്ചുവെച്ചിരുന്നതായി കണ്ടെത്തി. 1.20 കോടി രൂപ പ്രതിയിൽനിന്ന് പിടിച്ചെടുത്തിട്ടുണ്ട്. 300 പവനും കണ്ടെടുത്തു.

വെൽഡിങ് തൊഴിലാളിയാണ് ലിജീഷ്. ഈ വൈദഗ്ധ്യം ഉപയോഗിച്ച് കമ്പി തകർത്താണ് പ്രതി അകത്തുകയറി ലോക്കറിൽനിന്ന് പണവും സ്വർണ്ണവും മോഷ്ടിച്ചത്.

നേരത്തെ കണ്ണൂർ കീച്ചേരിയിലെ വീട്ടിൽനിന്ന് ലിജീഷ് 11 പവൻ മോഷ്ടിച്ചിരുന്നതായും പോലീസ് പറയുന്നു. അന്ന് തൊണ്ടിമുതൽ കണ്ടെത്താനോ പ്രതിയെ പിടികൂടാനോ സാധിച്ചിരുന്നില്ല. വിരലടയാളത്തിൽനിന്നാണ് അന്ന് മോഷണം നടത്തിയത് ഇയാൾത്തന്നെയാണെന്ന് പോലീസിന് മനസ്സിലായത്. കട്ടിലിനുള്ളിലെ അറ നേരത്തെ നിർമിച്ചതാവാനാണ് സാധ്യതയെന്നാണ് പോലീസ് നിഗമനം.

നേരത്തേ നടത്തിയ മോഷണങ്ങളിലെ പണവും സ്വർണവും സൂക്ഷിക്കാൻ വേണ്ടിയാവാം അറ നിർമിച്ചതെന്നും പോലീസ് കരുതുന്നു.

വയനാട് വിഷയം ചർച്ചചെയ്യാൻ അനുവദിച്ചില്ല; പ്രമേയങ്ങൾ തള്ളി രാജ്യസഭ, ബഹളം

ന്യൂഡൽഹി: സംഭൽ, അദാനി വിഷയങ്ങളിലടക്കമുള്ള പ്രമേയങ്ങൾ തള്ളി രാജ്യസഭാ അധ്യക്ഷൻ ജഗധീപ് ധൻകർ. വയനാട് അടക്കമുള്ള വിഷയങ്ങൾ ചർച്ചചെയ്യാൻ സഭ അനുവദിച്ചില്ല. തുടർന്നുണ്ടായ ബഹളത്തെ തുടർന്ന് സഭ 12 മണിവരെ നിർത്തിവെച്ചു.

അടിയന്തിര പ്രമേയ ചട്ടങ്ങൾ പ്രതിപക്ഷം ദുരുപയോഗം ചെയ്യുന്നുവെന്ന് ചെയർമാൻ ജഗധീപ് ധൻകർ ആരോപിച്ചു. കഴിഞ്ഞ ദിവസം രാജ്യസഭയിൽ ചെയർമാൻ ഇതേ ആരോപണമു

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

കേരള അഡ്വക്കേറ്റ് ക്ലർക്ക്സ് അസോസിയേഷൻ തൃശൂർ യൂണിറ്റ് പ്രസിദ്ധീകരിച്ച മെമ്പേഴ്സ് ഡയറക്ടറി പ്രകാശനം ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് സോഫി തോമസ് നിർവ്വഹിക്കുന്നു

വക്കീൽ ഗുമസ്തന്മാർ അഭിഭാഷകരുടെ ഗുരുനാഥന്മാർ: ജസ്റ്റിസ് സോഫി തോമസ്

തൃശൂർ: ജുഡീഷ്യറിയാകുന്ന രഥത്തിന്റെ നാല് ചക്രങ്ങളിൽ ഒന്നാണ് വക്കീൽ ഗുമസ്തന്മാരെന്ന് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് സോഫി തോമസ് പ്രസ്താവിച്ചു. ന്യായാധിപന്മാരും കോടതി സ്റ്റാഫും അഭിഭാഷകരുമാണ് മറ്റ് 3 ചക്രങ്ങൾ. അഭിഭഷകരുടെ ഗുരുനാഥന്മാരാണ് വക്കീൽ ഗുമസ്തന്മാരെന്നും അവർ പറഞ്ഞു.

കേരള അഡ്വക്കേറ്റ് ക്ലർക്ക്സ് അസോസിയേഷൻ തൃശൂർ യൂണിറ്റ് പ്രസിദ്ധീകരിച്ച മെമ്പേഴ്സ് ഡയറക്ടറി പ്രകാശനം ചെയ്ത് സംസാരിക്കുകയായിരുന്നു ജസ്റ്റിസ് സോഫി തോമസ്, കെ എ സി എ ഹാളിൽ നടന്നചടങ്ങിൽ യൂണിറ്റ് പ്രസിഡണ്ട് കെ എസ് സുധീരൻ ആധ്യക്ഷം വഹിച്ചു. വക്കീൽ ഗുമസ്തന്മാർക്ക് ജസ്റ്റിസ് സോഫി തോമസ് ചെയ്ത സഹായ സഹകരണങ്ങളെ സുധീരൻ അഭിനന്ദിച്ചു. അഡീഷ്ണൽ ഡിസ്ട്രിക്ട് & സെഷൻസ് ജഡ്ജ് കെ ഇ സാലിഹ്, ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് രമ്യ മേനോൻ, എന്നിവർ മുഖ്യാതിഥികളായിരുന്നു.

ബാർ അസോസിയേഷൻ പ്രസിഡണ്ട് അഡ്വ. ജോൺസൺ ടി തോമസ്, ജില്ലാ കെ എ സി എ സംസ്ഥാന സെക്രട്ടറി പി വി സന്തോഷ്, സംസ്ഥാന കമ്മിറ്റി അംഗം സി പി പോൾസൺ, ജില്ലാ സെക്രട്ടറി വി. വിശ്വനാഥൻ, യൂണിറ്റ് വൈസ് പ്രസിഡണ്ട് പി കെ പ്രദീപ്കുമാർ എന്നിവർ ആശംസാ പ്രസംഗം നടത്തി. യൂണിറ്റ് സെക്രട്ടറി കെ കെ വിശ്വംഭരൻ സ്വാഗതവും ജോ. സെക്രട്ടറി എ എം അഭിലാഷ് നന്ദിയും പറഞ്ഞു.

തൃശൂരിലെ ന്യായാധിപന്മാർ, അഭിഭാഷകർ, കോടതി സ്റ്റാഫംഗങ്ങൾ, വക്കീൽ ഗുമസ്തന്മാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

എയ്ഡ്സ് രോഗികളെ ശുശ്രൂഷിച്ച പാതിരിയെ എൻ.സി.സി ആദരിച്ചു

ലോക എയ്ഡ്സ് ദിനത്തിൽ എയ്ഡ്സ് രോഗികളെ തൃശൂരിൽ ആദ്യമായി ശുശ്രൂഷിച്ച മാതൃകയായ പെരിങ്ങണ്ടൂർ പിസ് ഹോം മുൻ ഡയറക്ടർ തൃശ്ശൂർ അതിരൂപതയിലെ സീനിയർ വൈദികനുമായ ഫാദർ വർഗീസ് പാലത്തിങ്കലിന് എൻസിസി കേഡറ്റുകൾ ആദരിച്ചു.24 കേരള ബറ്റാലിയൻ എൻ സി സി ഓഫീസർ മേജർ പി ജെ സ്റ്റൈജു ആദരസമ്മേളനം ഉദ്ഘാടനം ചെയ്തു എൻ.സി.സി കേഡറ്റുകളുടെ സ്നേഹാദരം ലോക എയ്ഡ്സ് ദിനത്തിൽ സ്വീകരിക്കാനായത് എന്റെ പ്രവർത്തനങ്ങൾക്കുള്ള യുവജനങ്ങളുടെ പിന്തുണയാണെന്ന് ഫാദർ വർഗ്ഗീസ് പാലത്തിങ്കൽ അഭിപ്രായപ്പെട്ടു അച്ചന് സപ്തതി ദിനാശംസകൾ നേർന്ന കേഡറ്റുകൾക്ക് മധുരവും നല്കിയാണ് അച്ചൻ യാത്രയാക്കിയത്. എൻ.സി.സി അണ്ടർ ഓഫിസർമാരായ എ.ആർ അമൽ രാജ്, പി.എ ശ്രുതി എന്നിവർ പ്രസംഗിച്ചു. ബോധവത്ക്കരണ ദിനങ്ങളിൽ വലിയ പരിപാടികൾ സംഘടിപ്പിക്കാതെ ആ ദിനത്തിന്റെ ആശയം നേഞ്ചേറ്റുന്ന വരെ കാണാനും അവരെ ആദരിക്കാനുമാണ് എൻ.സി.സി കേഡറ്റുകളെ പരിശീലിപ്പിക്കുന്നത് എന്ന് മേജർ പി.ജെ. സ്റ്റൈജു പറഞ്ഞു.

കൂടൽമാണിക്യം തിരുവുത്സവം : സംഘാടക സമിതി രൂപീകരണയോഗം 7ന്

ഇരിങ്ങാലക്കുട : 2025ലെ ശ്രീ കൂടൽമാണിക്യം ഉത്സവാഘോഷത്തിന്റെ സംഘാടക സമിതി രൂപീകരിക്കുന്നതിനായി ഡിസംബർ 7ന് വൈകീട്ട് 3 മണിക്ക് ക്ഷേത്രത്തിന്റെ പടിഞ്ഞാറെ ഊട്ടുപുരയിൽ ഭക്തരുടെ പൊതുയോഗം സംഘടിപ്പിക്കും.

ഇക്കുറി തിരുവുത്സവം മെയ് 8ന് കൊടിയേറി മെയ് 18ന് രാപ്പാൾ ആറാട്ട് കടവിൽ ആറാട്ടോടെയാണ് സമാപിക്കുന്നത്. പ്രസ്തുത യോഗത്തിൽ എല്ലാ ഭക്തജനങ്ങളും പങ്കെടുക്കണമെന്ന് അഡ്മിനിസ്ട്രേറ്റർ അറിയിച്ചു.

ബിപിഒ ഡിഗ്രി കോഴ്സ്: അപേക്ഷാ തീയതി നീട്ടി

ഇരിങ്ങാലക്കുട: സംസ്ഥാനത്ത് ആദ്യമായി ആരംഭിക്കുന്ന ബാച്ചിലർ ഓഫ് പ്രൊസ്തെറ്റിക് ആൻഡ് ഓർത്തോട്ടിക് ഡിഗ്രി പ്രോഗ്രാം അഡ്മിഷന് ഓപ്ഷൻ നൽകാൻ ഒരു അവസരം കൂടി. കേരളാ ആരോഗ്യ ശാസ്ത്ര സർവകലാശാലക്കു കീഴിൽ പാരാമെഡിക്കൽ കോഴ്സ് അഡ്മിഷന് എൽബിഎസ് വഴി അപേക്ഷിച്ചിട്ടുള്ളവർക്കാണ് ഓപ്ഷൻ നൽകാൻ അവസരം. പ്ലസ് ടു തലത്തിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി അഥവാ മാത്തമാറ്റിക്സ് പഠിച്ചവർക്ക് ഓപ്ഷൻ നൽകാം. മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ,ആർട്ടിഫിഷ്യൽ ലിമ്പ് മാനുഫാക്റ്ററിംഗ് കേന്ദ്രങ്ങൾ, പ്രധാനമന്ത്രി ദിവ്യാങ്കൻ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ വൻ തൊഴിൽ സാധ്യതയുള്ള ഈ പ്രൊഫഷണൽ കോഴ്സ് നടത്തുന്നത് സംസ്ഥാന സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനംമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ ആണ്. താല്പര്യമുള്ള വിദ്യാർത്ഥികൾ ഡിസംബർ മൂന്നിന് മുൻപ് എൽ ബി എസ്സിൽ (https://lbscentre.in/paramnursingnew/)രജിസ്റ്റർ ചെയ്യണം.

കാപ്പ ഉത്തരവ് ലംഘിച്ച പ്രതിയെ അറസ്റ്റ് ചെയ്തു

കൈപ്പമംഗലം പോലീസ് സ്റ്റേഷൻ പരിധിയിലെ കുപ്രസിദ്ധ ഗുണ്ട എടത്തിരുത്തി മുനയം സ്വദേശി കോഴിപറമ്പിൽ വീട്ടിൽ പ്രണവിനെയാണ് (30 വയസ്സ്) അറസ്റ്റ് ചെയ്തത്. ഒക്ടോബർ മാസത്തിൽ പ്രണവിനെ 6 മാസത്തേക്ക് തൃശൂർ ജില്ലയിൽ നിന്നും നാടു കടത്തിയിരുന്നു. ഉത്തരവ് ലംഘിച്ച പ്രതി തൃശ്ശൂരിൽ നിന്നും ഓട്ടോ വിളിച്ചു കാട്ടൂരിൽ എത്തിയ ശേഷം ഓട്ടോ ഡ്രൈവറെ ആക്രമിക്കുകയായിരുന്നു. സംഭവം അറിഞ്ഞു സ്ഥലത്തെത്തിയ കാട്ടൂർ പോലീസ് ആണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കാട്ടൂർ പോലീസ് ഇൻസ്പെക്ടർ ബൈജു. ജി.ഞ, സബ്ബ് ഇൻസ്പെക്ടർ ബാബു ജോർജ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്ത് ഇരിങ്ങാലക്കുട സബ് ജയിലിലേക്ക് അയച്ചു.

അമലയിൽ വൈറ്റ് കോട്ട് സെറിമണി

തൃശൂർ: അമല മെഡിക്കൽ കോളേജിൽ പുതിയ ബാച്ച് എം.ബി.ബി.എസ്. വിദ്യാർത്ഥികളുടെ വൈറ്റ് കോട്ട് സെറിമണിയുടെ ഉദ്ഘാടനം ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ നിർവ്വഹിച്ചു. അസോസിയേറ്റ് ഡയറക്ടർ ഫാ. ആൻറണി മണ്ണുമൽ, പ്രിൻസിപ്പൽ ഡോ. ബെറ്റ്സി തോമസ്, വൈസ് പ്രിൻസിപ്പൽ ഡോ. ദീപ്തി രാമകൃഷ്ണൻ, മെഡിക്കൽ സൂപ്രണ്ട് ഡോ. രാജേഷ് ആൻറോ, സ്റ്റാഫ് അഡ്വൈസർ ഡോ. സോജൻ ജോർജ് എന്നിവർ പങ്കെടുത്തു. 100 മെഡിക്കൽ വിദ്യാർത്ഥികളാണ് വൈറ്റ് കോട്ട് സ്വീകരിച്ചത്.

പ്രതിരോധ പരിശീലന പരിപാടി

തൃശൂർ: കേരള പോലീസിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സ്വയം പ്രതിരോധ പരിശീലന പരിപാടിയിലൂടെ ഇതുവരെ ലക്ഷക്കണക്കിന് സ്ത്രീകളും കുട്ടികളും സ്വയം പ്രതിരോധ മുറകളിൽ പരിശീലനം നേടിയിട്ടുണ്ട്. എല്ലാ ജില്ലകളിലും വനിതാ പോലീസ് ഉദ്യോഗസ്ഥരാണ് പരിശീലനം നൽകുന്നത്. ജനമൈത്രി സുരക്ഷാപദ്ധതിയുടെ കീഴിൽ നൽകുന്ന ഈ പരിശീലനം തികച്ചും സൗജന്യമാണ്. താൽപര്യമുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും തുടർന്നും പരിശീലനം നേടാവുന്നതാണ്.ഫോൺ : 0471-2318188

ലോക എയ്ഡ്സ് ദിനത്തിൽ എയ്ഡ്സ് രോഗികളുടെ ഉന്നമനത്തിനായി പ്രവർത്തിച്ച സപ്തതി നിറവിലെത്തിയ ഫാദർ വർഗ്ഗീസ് പാലത്തിങ്കലിനെ മേജർ പി.ജെ. സ്റ്റൈജുവിന്റെ നേതൃത്വത്തിൽഎൻ.സി.സി കേഡറ്റുകൾ ആദരിക്കുന്നു.

സി പി എം ജില്ലാ സമ്മേളനം കുന്നംകുളത്ത്

തൃശൂർ: സി പി എം ജിലാ സമ്മേളനം ഫെബ്രുവരി 9,10, 11 തീയതികളിൽ കുന്നംകുളത്ത് നടക്കും ടൗൺ ഹാളാണ് സമ്മേളന വേദി . വിപുലമായ സംഘാടക സമിതി രൂപീകരിച്ചു. കുന്നംകുളത്ത് നടന യോഗം കെ.രാധാകൃഷ്ണൻ MP. ഉൽഘാടനം ചെയ്തു. എം എം. വർഗീസ് അധ്യക്ഷത വഹിച്ചു. പ്രമുഖ നേതാക്കൾ പ്രസംഗിച്ചു. റാലി റെഡ് വളണ്ടിയർ മാർച്ച്. മഹാ സമ്മേളനം എന്നിവ നടക്കും. സാം സ്കാരിക പരിപാടികളും നടക്കും.

വാർത്താച്ചുരുക്കം

* ആരോഗ്യ വകുപ്പിന്റെ ലോക ദിനാചരണത്തോടെ അനുബന്ധിച്ച് തൃശ്ശൂർ ജില്ലയിൽ വിപുലമായ ബോധവൽക്കരണ പരിപാടികൾ നടന്നു. തൃശ്ശൂർ എസ്എൽഎ ഔഷധശാലയുടെ സ്ഥാപക സ്ഥാപകദിനമായി കൊണ്ടാടി സെമിനാർ ഉൾപ്പെടെ വിവിധ പരിപാടികൾ ഉണ്ടായി.
* പെരിങ്ങോട്ടുകര ദേവസ്ഥാനത്ത് പന്ത്രണ്ടാമത് സദ്ഗുരു ദക്ഷിണാമൂർത്തി അന്താരാഷ്ട്ര സംഗീത നിർത്തോത്സവം ആരംഭിച്ചു. ഡിസംബർ 29ന് പഞ്ചരത്ന കീർത്തനാലാപനത്തോടെ സമാപിക്കും
* കേരള അയൺ ഫാബ്രിക്കേഷൻ ആൻഡ് എൻജിനീയറിങ് യൂണിറ്റ് അസോസിയേഷൻ തൃശ്ശൂർ ജില്ലാ സമ്മേളനം കാളത്തോട് മഹല്ല് ഹാളിൽ നടന്നു
* പഞ്ചായത്തിലെ ജീവകാരുണ്യ സംഘടനയായ പറപ്പൂർ പറവകളുടെ നേതൃത്വത്തിൽ തോ ളൂർ പഞ്ചായത്തിലെ പാലിയേറ്റീവ് മേഖലയിൽ പ്രവർത്തിക്കുന്ന നഴ്സുമാരുടെ അടക്കമുള്ളവരെയും ആശാവർക്കർമാരെയും വിവരമായ ചടങ്ങിൽ വെച്ച് ആദരിച്ചു
* പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ മതബോധന പ്രസ്ഥാനമായ മാറ പ്രേം സൺഡേ സ്കൂളിന്റെ 119 ആം വാർഷിക സൺഡേ സ്കൂൾ ഡേ പരിപാടികളോടെ കൊണ്ടാടി
* റവന്യൂ സ്കൂൾ കലോത്സവം വിപുലമായി കുന്നംകുളത്ത് നടക്കും. പ്രതിഭകളെ വരവേൽക്കാൻ ചരിത്ര നഗരം ഒരുങ്ങി. ഡിസംബർ 3 മുതൽ 7. വരെയാണ് കലോത്സവം ടൗൺ ഹാളാണു പ്രധാന വേദി.

ഐ. എം. എ. തൃശൂർ ബ്രാഞ്ചിന് 2 ദേശീയ പുരസ്കാരം

തൃശൂർ : ചരിത്രത്തിൽ ആദ്യമായി രണ്ടു പ്രധാന ദേശീയ പുരസ്കാരങ്ങൾ തൃശൂർ ഐ. എം. എ. യ്ക്ക് ലഭിച്ചു.ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐ. എം. എ) മികച്ച ബ്രാഞ്ച് പ്രസിഡന്റിനുള്ള ദേശീയ അവാർഡ് തൃശൂർ ഐ. എം. എ പ്രസിഡന്റ് ഡോ. ജോസഫ് ജോർജിന് ലഭിച്ചു. ഇതേ കാറ്റഗറിയിലുള്ള സംസ്ഥാനതല പുരസ്കാരവും, ഔട്ട്സ്റ്റാൻഡിങ് ലീഡർഷിപ് അവാർഡും ഡോക്ടർക്ക് ലഭിച്ചിരുന്നു.

രണ്ടാമത്തെ ദേശീയ അവാർഡ്, തൃശൂർ രാമവർമപുരത്തുള്ള ഐ. എം. എ യുടെ ബ്ലഡ് ബാങ്കിനാണ്. ഏറ്റവും കൂടുതൽ രക്തം കളക്ട് ചെയ്തു വിതരണം ചെയ്തതിനു ദേശീയ തലത്തിൽ ഒന്നാം സ്ഥാന അവാർഡ് ലഭിച്ചു. ഡിസംബർ 27 ന് ഹൈദരാബാദിൽ വച്ചു നടക്കുന്ന ദേശീയ സമ്മേളനത്തിൽ അവാർഡുകൾ സമർപ്പിക്കും

സി.പി.എം വർഗീയതക്ക് മരുന്നിട്ടു കൊടുക്കുന്നത് നിർത്തണം: ജബീന ഇർഷാദ്

തളിക്കുളം: വർഗീയത ഊതിക്കാച്ചി സംഘ് പരിവാറിന് മരുന്നിട്ടു കൊടുക്കുന്ന പണിയിൽ നിന്നും സി.പി.എം പിന്മാറണമെന്ന് വെൽഫെയർ പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറി ജബീന ഇർഷാദ് പറഞ്ഞു. സി.പി.എമ്മിനും ബി.ജെ.പിക്കും ഇപ്പോൾ ഒരേ ഭാഷയാണ്. മുസ് ലിം വിദ്വേഷവും വിഭാഗീയതയും പടർത്തി ജനശ്രദ്ധ തിരിച്ചുവിടാൻ ശ്രമിക്കുന്നത് ആരെ രക്ഷപ്പെടുത്താനാണ് എന്ന് മുഖ്യമന്ത്രി പറയണം. സ്വന്തം അടിത്തറ ഭദ്രമാക്കാൻ വേണ്ടി സമൂഹത്തിൽ വിഭാഗീയ പടർത്തുന്ന രാക്ഷസ നയത്തിൽ നിന്നും മുഖ്യമന്ത്രി പിൻവാങ്ങണമെന്നും അവർ പറഞ്ഞു. ഇന്ത്യയിലെ ആരാധനാലയ നിയമത്തെ നോക്കുകുത്തിയാക്കിയാണ് ജുഡീഷ്യറി പ്രവർത്തിക്കുന്നത്.

ഉത്തർപ്രദേശിലെ സംഭാലിൽ ഷാഹി മസ്ജിദിന്റെ സംരക്ഷണത്തിന് തെരുവിലിറങ്ങിയ മുസ്ലിങ്ങൾക്കെതിരെ വെടിയുതിർത്ത് അഞ്ച് സഹോദരങ്ങളെ കൊല ചെയ്ത ചെയ്ത യോഗി സർക്കാറിന്റെ നടപടി അത്യന്തം ക്രൂരതയാണ്. ഈ മനുഷ്യഹത്യക്ക് ഒത്താശ ചെയ്യുന്ന കോടതി നടപടികൾ അതിനേക്കാൾ ഭീകരവും. 1991 ലെ ആരാധനാലയ നിയമത്തെ നോക്കുകുത്തിയാക്കുന്ന നീതിപീഠത്തിന്റെ നടപടികൾ പ്രതിഷേധാർഹമാണ്. ഈ ക്രൂരതക്കെതിരെ ശക്തമായ പ്രതിഷേധം ഉയരണം. കോടതികൾ കർസേവക്ക് നേതൃത്വം നൽകിക്കൊണ്ടിരിക്കുമ്പോൾ ജനാധിപത്യം വീണ്ടെടുക്കാൻ ജനത്തിന് തെരുവിലിറങ്ങാതെ വഴിയില്ലെന്നും അവർ പറഞ്ഞു. വെൽഫെയർ പാർട്ടി തൃശൂർ ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ. സ്നേഹതീരം വികാസ് കൺവെൻഷൻ സെന്ററിൽ നടന്ന സമ്മേളനത്തിൽ ജില്ലാ പ്രസിഡന്റ് എം.കെ. അസ് ലം അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറിമാരായ ജ്യോതിവാസ് പറവൂർ, ഷംസീർ ഇബ്രാഹിം, കമ്മിറ്റിയംഗം സണ്ണി മാത്യു എന്നിവർ സംസാരിച്ചു. ജില്ലാ ജനറൽ സെക്രട്ടറി അഡ്വ. കെ.എസ്. നിസാർ റിപ്പോർട്ട് അവതരിപ്പിച്ചു. ജനറൽ കൺവീനർ ടി.എം. കുഞ്ഞിപ്പ സ്വാഗതവും കൺവീനർ അബ്ദുൽ ഗഫൂർ നന്ദിയും പറഞ്ഞു.

ഊരകം കോൺവെന്റിൽ സൗജന്യ തൊഴിൽ പരിശീലനം

ഊരകം: ഡോട്ടേഴ്സ് ഓഫ് ഡിവൈൻ പ്രൊവിഡൻസ് കോൺവെന്റിൽ കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ കീഴിലുള്ള നൈപുണ്യ പരിശീലന സ്ഥാപനമായ ജൻ ശിക്ഷൺ സൻസ്ഥാന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന സൗജന്യ ഹാൻഡ് എബ്രോയ്ഡറി തൊഴിൽ പരിശീലനത്തിന്റെ ഉദ്ഘാടനം ഊരകം സെൻറ് ജോസഫ്സ് പള്ളി വികാരി ഫാ.ആൻഡ്രൂസ് മാളിയേക്കൽ നിർവഹിക്കുന്നു.

ഊരകം ഡോട്ടേഴ്സ് ഓഫ് ഡിവൈൻ പ്രൊവിഡൻസ് കോൺവെന്റിൽ സംഘടിപ്പിക്കുന്ന സൗജന്യ ഹാൻഡ് എബ്രോയ്ഡറി തൊഴിൽ പരിശീലനത്തിന്റെ ഉദ്ഘാടനം ഊരകം സെൻറ് ജോസഫ്സ് പള്ളി വികാരി ഫാ.ആൻഡ്രൂസ് മാളിയേക്കൽ നിർവഹിക്കുന്നു.

ശാസ്ത്ര പാടവ പോഷണ പരിപാടി

ഇരിഞ്ഞാലക്കുട: വിദ്യാർത്ഥികളിൽ ശാസ്ത്രബോധവും ശാസ്ത്രാഭിരുചിയും വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി ഇരിഞ്ഞാലക്കുട സെന്റ് ജോസഫ്സ് കോളേജ് ഓട്ടോണമസും ഇ കെ എൻ വിദ്യാഭ്യാസ കേന്ദ്രവും സംയുക്തമായി 'ദൈനം ദിന ജീവിതത്തിലെ രസതന്ത്രം'എന്ന വിഷയത്തിൽ ക്ലാസ് നടത്തി. സെന്റ് ജോസഫ് കോളേജ് രസതന്ത്ര വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. മനോജ് എ. എൽ ആണ് ക്ലാസ്സ് നയിച്ചത്. സെന്റ് ജോസഫ് കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ അഞ്ജന ഉദ്ഘാടനം ചെയ്ത പരിപാടിയിൽ ഇ കെ എൻ കേന്ദ്രം പ്രസിഡന്റ് ഡോ. മാത്യു പോൾ ഊക്കൻ, ഡോ. സോണി ജോൺ, ഡോ. എസ് ശ്രീകുമാർ, മായ കെ എന്നിവർ സംസാരിച്ചു. ഇരിഞ്ഞാലക്കുടയിലെ വിവിധ വിദ്യാലയങ്ങളിൽ നിന്നായി വിദ്യാർത്ഥികൾ പങ്കെടുത്തു.

സുശ്രുത ആയുർവേദ ഹോസ്പിറ്റൽ ട്രിവാൻഡ്രം ക്ലബ്ബിൽ സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പ് പ്രശസ്ത ചലച്ചിത്ര പിന്നണി ഗായകൻ പട്ടം സനിത്ത് വിളക്ക് തെളിയിക്കുന്നു. ക്ലബ്ബ് പ്രസിഡന്റ് ശശികുമാരൻ നായർ, സെക്രട്ടറി സന്തോഷ് കുമാർ, ഡോ.എസ്.ശ്രീജ കൃഷ്ണ തുടങ്ങിയവർ സമീപം

ഡിസ്ട്രിക്ട് 318D യിലെ റീജിയൺ 11ന് ഒരു ആഹ്ലാദ നിമിഷം കൂടി

തൃശൂർ: റീജിയണിലെ 7 ഓളം ക്ലബ്ബിലെ പ്രസിഡന്റ് മാർ പങ്കെടുത്ത റീജിയൺ ലെവൽ മന്ന പ്രോഗ്രാം ഇന്ന് മന്ന പന്തലിൽ PDG യും ഡിസ്ട്രിക്ട് അഡ്വൈസർ കൂടിയായ ലയൺ ഇഗ്നേഷസ് PMJF ഉദ്ഘാടനം ചെയ്തു.

ഡിസ്ട്രിക്ട് PRO, ACS ജെയിംസ്. T. അഞ്ചേരി, മന്ന കോർഡിനേറ്റർ, ACS ഡെന്നി കൊക്കൻ, ലേഡീസ് സർക്കിൾ പ്രസിഡന്റ് നിർമല മുരളീധരൻ, സോൺ ചെയർപേഴ്സൺ ശ്രീകുമാർ, ACP രെഞ്ചു എഡിസൺ, തൃശൂർ, സെൻട്രൽ ക്ലബ് ലീഡർ ഷാജി. C. M,വടക്കുംനാഥൻ റൗണ്ട് ലീഡർ പ്രദീപ് സ്മാർട്ട്, തൃശൂർ, കിങ്സ് ലീഡർ ശ്രീനിവാസൻ, തൃശൂർ, തിരുവമ്പാടി ലീഡർ വിജയരാഘവൻ, ശക്തൻ ക്ലബ് ലീഡർ മോഹനൻ നാടോടി, Tuskers ലീഡർ രാഗേഷ്, തൃശൂർ, നോർത്തിലെ ലീഡേഴ്സ് എന്നിവരും മറ്റ് ക്ലബ്കളിൽ നിന്നും വന്ന ലീഡേഴ്സും പങ്കെടുത്തുകൊണ്ട് ഇന്നത്തെ മന്ന വ്യത്യസ്ത അനുഭവമായി.

തൃശൂർ സെൻട്രൽ ക്ലബ്ബിന്റെ നേതൃത്വത്തിൽ നടന്ന ഇന്നത്തെ മന്നക്ക് ക്ലബ് ട്രഷറർ ലയൺ നിക്സൺ സ്വാഗതവും ക്ലബ്ബിന്റെ സർവീസ് ചെയർപേഴ്സൺ ലയൺ ജോഫി MJF നന്ദിയും പറഞ്ഞു. സാധാരണ പോലെത്തന്നെ നാനൂറോളം അശരണർ ഭക്ഷണം കഴിക്കാൻ എത്തിച്ചേർന്നു.

COURT NOTICE

BEFORE THE HON'BLE ARBITRATOR TRIBUNAL
SRI. SASIDHARAN K. (RTD. DIST. & SESSIONS JUDGE)
AG5, AISWARYA GARDEN, P.O ELTHURUTHU, THRISSUR

ARC CKL No. 80/2023

CKL Nidhi Ltd, Thaikkad, Chavakkad, Rep. Managing Director P.K. Gabriyel, Thaikkad
-Petitioner

R6) Sajeesh., S/o. Late Mohandas P. A., Paluvai House, Thaikkad P.O., Thrissur-680104
-6th Respondent

The above numbered case is posted to **17-12-2024** for hearing and appearance of the Respondents. If the respondents have any objection in the matter can appear before the Hon'ble Arbitrator at 2 P.M on the same day. Otherwise the Arbitrator will pass an exparte award.

For petitioner, Advocate
Freddy Pious (S/d)

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബ കോടതി മുമ്പാകെ

OP: 506/2024

കുന്നംകുളം താലൂക്ക്, വെള്ളറക്കാട് വില്ലേജ്, തെക്കുമുറി ദേശത്ത് തെക്കേക്കര വീട്ടിൽ മരിച്ച ബാലകൃഷ്ണൻ മകൾ ജിഷ

-ഹരജിക്കാരി

തമിഴ്നാട് ധർമ്മപുരി ജില്ല, അരൂർ താലൂക്ക്, കാവപ്പെട്ടി വില്ലേജ്, ചെല്ലപ്പെട്ടി ദേശത്ത് മണിയൻ നടരാജൻ മകൻ എം കുമാർ

- എതൃകക്ഷി

മേൽ നമ്പർ കേസിൽ എതൃകക്ഷിക്കുള്ള നോട്ടീസ് കല്പന പതിച്ചുനടത്തുന്നതിനുവേണ്ടി മേൽ നമ്പർ കേസ് **18-12-2024** തിയ്യതി വിചാരണക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ നേരിട്ടോ അല്ലെങ്കിൽ അഡ്വക്കേറ്റ് മുഖാന്തിരമോ പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാകുന്നു. അല്ലാത്തപക്ഷം മേൽ നമ്പർ ഹരജി തീർപ്പ് കല്പിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 02-12-2024
ഹരജിഭാഗം അഡ്വക്കേറ്റ്
എസ് പ്രജിത്കുമാർ (ഒപ്പ്)

കോടതി പരസ്യം

ബഹു. കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ

OS: 1342/2022

കൃഷ്ണ എന്റർപ്രൈസസ് -വാദി

1) മുകുന്ദപുരം താലൂക്ക് ശ്രീനാരായണപുരം വില്ലേജ്, ആല ദേശത്ത്, മുരുക്കുംതറ രാജേഷ് ഭാര്യ അശ്വതി
2) ടി താലൂക്ക്, ടി വില്ലേജ്, ടി ദേശത്ത്, ടിയിൽ ജയൻ മകൻ രാജേഷ്
-1, 2 പ്രതികൾ

പ്രോനോട്ട് പ്രകാരം പ്രതികളിൽ നിന്നും വരേണ്ടും സംഖ്യയ്ക്കും മറ്റുമായിട്ടാണ് മേൽ നമ്പർ അന്യായം. മേൽ നമ്പറിൽ 1, 2 പ്രതികൾക്കുള്ള സമൻസ് പതിച്ചുനടത്താൻ അനുവദിച്ച് മേൽനമ്പർ കേസ് **13-01-2025** തിയ്യതി വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേദിവസം രാവിലെ 11 മണിക്ക് നിങ്ങൾ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം മേൽ നമ്പർ അന്യായം നിങ്ങളെ കൂടാതെ വിധി ആകുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 02-12-2024
വാദിഭാഗം അഡ്വക്കേറ്റ്
വി എം ശ്രീകുമാർ & കെ വൃന്ദ (ഒപ്പ്)

കോടതി പരസ്യം

ബഹു. കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ

OS: 783/2007, IA: 1/2024 & IA: 2/2024

വാദി -ശിവരാമൻ
പ്രതികൾ -ശശികല മുതൽ പേർ
R13 ശശി കെ കുന്നമ്പത്ത് വീട്, PMs സ്നേഹ ഭവൻ, A1 കോർപ്പറേഷൻ ഫ്ളാറ്റ്, വില്ലടം-680631, തൃശൂർ, പി ഒ രാമവർമ്മപുരം
R 20 ഗംഗാധരൻ S/o. കമലാക്ഷിയമ്മ, പണ്ടാര പള്ളത്ത്, കുണ്ടൂർ ദേശം, തിരുമുക്കുളം വില്ലേജ്, ചാലക്കുടി താലൂക്ക്
R 21 രവീന്ദ്രൻ S/o. കമലാക്ഷിയമ്മ, പണ്ടാര പള്ളത്ത്, കുണ്ടൂർ ദേശം, തിരുമുക്കുളം വില്ലേജ്, ചാലക്കുടി താ